Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

നമ്പർ. KITE/ 2022/ 1562 (76) തീയതി : 14.12.2022

# സർക്കുലർ

വിഷയം :- കൈറ്റ് - ലിറ്റിൽ കൈറ്റ്സ് - 2021-24 ബാച്ചിന്റെ ഉപജില്ലാതല ക്യാമ്പ് നടത്തുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:- 1. സ.ഉ (സാധാ) നം.361/ 2018/ പൊ.വി. തീയതി 20.01.2018.

2. ഈ ഓഫീസിലെ 14.11.2022 ലെ KITE/ 2022/ 1562/ (65) നമ്പർ സർക്കുലർ.

ലിറ്റിൽ കൈറ്റ്സ് 2021-24 ബാച്ച് അംഗങ്ങൾക്കുള്ള സ്കൂൾതലക്യാമ്പ് പ്രവർത്തനങ്ങളെ അടിസ്ഥാനമാക്കി നിശ്ചിത എണ്ണം ലിറ്റിൽ കൈറ്റ്സ് അംഗങ്ങളെ ഉപജില്ല ക്യാമ്പിലേക്ക് സൂചന 2 പ്രകാരം തെരഞ്ഞെടുത്തിട്ടുണ്ട്. പ്രസ്തുത അംഗങ്ങളെ ഉൾപ്പെടുത്തി ഉപജില്ലാക്യാമ്പ് നടത്തുന്നതു സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. ഉപജില്ലാ ക്യാമ്പ് 2022 ഡിസംബർ 26 - 31 തീയതികളിലായി നടത്തുന്നതാണ്.
2. സ്കൂൾതല ക്യാമ്പിൽ പങ്കെടുത്ത് അർഹത നേടിയ കുട്ടികൾ മാത്രമാണ് ഉപജില്ലാ ക്യാമ്പിൽ പങ്കെടുക്കേണ്ടത്. പ്രസ്തുത അംഗങ്ങളുടെ വിശദാംശം സൂചന 2 പ്രകാരം ലിറ്റിൽ കൈറ്റ്സ് ഓൺലൈൻ മാനേജ്മെന്റ് സിസ്റ്റത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് പ്രഥമാധ്യാപകർ ഉറപ്പ് വരുത്തേണ്ടതാണ്.
3. ജില്ലാ തലത്തിൽ എല്ലാ മാസ്റ്റർ ട്രെയിനർമാരുടേയും യോഗം ചേർന്ന് ഒരു ക്യാമ്പിൽ 50 - 60 കുട്ടികൾ ഉൾപ്പെടത്തക്കവിധം ക്യാമ്പുകൾ ക്രമീകരിക്കേണ്ടതാണ്.
4. കൈറ്റിന്റെ ജില്ലാ ഓഫീസിൽ നിന്ന് അറിയിപ്പ് ലഭിക്കുന്ന മുറക്ക് ഉപജില്ലാ ക്യാമ്പിലേക്ക് തെരഞ്ഞെടുത്ത കുട്ടികളെ വിവരം അറിയിക്കുന്നതിനും ക്യാമ്പിൽ പങ്കെടുപ്പിക്കുന്നതിനും വേണ്ട ക്രമീകരണം അതത് സ്കൂൾ പ്രഥമാധ്യാപകർ ഒരുക്കേണ്ടതാണ്.
5. ഉപജില്ല ഒരു യൂണിറ്റായി കണക്കാക്കി അംഗങ്ങളുടെ എണ്ണത്തിന് ആനുപാതികമായിട്ടായിരിക്കണം ജില്ലാ ക്യാമ്പിലേയ്ക്കുള്ള അംഗങ്ങളെ തെരഞ്ഞെടുക്കേണ്ടത്. (തെരഞ്ഞെടുക്കേണ്ടവരുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു).

6. ഉപജില്ലാ ക്യാമ്പിലെ പ്രവർത്തനങ്ങളുടെയും ക്യാമ്പിൽ ഓരോ കുട്ടിയും തയ്യാറാക്കുന്ന ഉല്പന്നത്തിന്റെയും അടിസ്ഥാനത്തിലായിരിക്കണം ജില്ലാ ക്യാമ്പിലേക്കുള്ള തെരഞ്ഞെടുപ്പ് നടത്തേണ്ടത്.

7. ഓരോ ക്യാമ്പിന്റെയും ചുമതലപ്പെട്ട മാസ്റ്റർ ട്രെയിനർമാരുടെ നേതൃത്വത്തിൽ വിലയിരുത്തൽ നടത്തി അനിമേഷൻ, പ്രോഗ്രാമിംഗ് വിഭാഗങ്ങൾക്ക് തുല്യ പരിഗണന നൽകി കുറ്റമറ്റ രീതിയിൽ തെരഞ്ഞെടുപ്പ് പൂർത്തിയാക്കേണ്ടതാണ്.

**കെ. അൻവർ സാദത്ത്**
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് പ്രവർത്തിക്കുന്ന എല്ലാ വിദ്യാലയങ്ങളിലേയും പ്രഥമാധ്യാപകർക്ക് - ജില്ലാ കോ-ഓർഡിനേറ്റർ മുഖേന

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ - (ആമുഖ കത്ത് സഹിതം)
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും - ജില്ലാ കോ-ഓർഡിനേറ്റർ മുഖേന
അക്കാഡമിക്, അക്കൗണ്ട്സ് വിഭാഗം, കൈറ്റ്
എല്ലാ ഡി.സി., എം.ടി.സി., എം.ടി.മാർക്കും
സ്റ്റോക്ക് ഫയൽ